**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3433** **26-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നംകുളം മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കല്പിച്ചിട്ടുള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | കുന്നംകുളം മണ്ഡലത്തിൽ വിവിധ ഭൂപതിവ് ചട്ടപ്രകാരം ലഭിച്ച 543 അപേക്ഷകളിൽ 142 അപേക്ഷകളും 1279 ലാന്റ് ട്രിബ്യൂണൽ അപേക്ഷകളിൽ 1143 അപേക്ഷകളും തീർപ്പാക്കിയിട്ടുള്ളതാണ്. |
| (ബി) | തീർപ്പ് കല്പിക്കുന്നതിനായി എത്ര അപേക്ഷകളാണ് ശേഷിക്കുന്നതെന്ന് മണ്ഡലത്തിലെ പഞ്ചായത്തുകൾ, കുന്നംകുളം നഗരസഭ എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി) | വിവിധ ഭൂപതിവ് ചട്ടപ്രകാരമുള്ള 401 അപേക്ഷകളാണ് തീർപ്പ് കല്പിക്കുന്നതിനായി ശേഷിക്കുന്നത്. ആയത് പഞ്ചായത്ത്, കുന്നംകുളം നഗരസഭ തിരിച്ച് താഴെ ചേർക്കുന്നു. തീർപ്പാക്കാനുള്ള 136 ലാന്റ് ട്രിബ്യൂണൽ അപേക്ഷകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമല്ല. |
| (സി) | നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് പട്ടയം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള ഭൂമികൾ റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തം ചെയ്തു ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലക്ഷം വീട് പദ്ധതി പ്രകാരവും, പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂരഹിതരായ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതിപ്രകാരവും, ഭൂമി |

| ക്രമ നം. | തദ്ദേശ സ്വയം ഭരണ സ്ഥാപനം | തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1. | കുന്നംകുളം മുൻസിപ്പാലിറ്റി | 58 |
| 2. | എരുമപ്പെട്ടി | 103 |
| 3. | വേലൂർ | 39 |
| 4. | കടങ്ങോട് | 139 |
| 5. | പോർക്കുളം | 14 |
| 6. | കാട്ടകാമ്പാൽ | 17 |
| 7. | ചൊവ്വന്നൂർ | 15 |
| 8. | കടവല്ലൂർ | 16 |
| | **ആകെ** | **401** |

| | | | |
|---|---|---|---|
| | | | കൈവശം വെച്ച് വരുന്ന അപേക്ഷകരുടെ ഭൂമി വിട്ടൊഴിയുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 21.01.2023 തീയതിയിലെ സ.ഉ(കൈ)നം.12/2023/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറപ്പുറമ്പോക്ക് പതിച്ചു നൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് അർഹത മാനദണ്ഡങ്ങൾക്ക് വിധേയമായും അവ അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന പരിശോധനയ്ക്ക് വിധേയമായും അർഹതയുള്ള അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.മിച്ചഭൂമിയുമായി ബന്ധപ്പെട്ട ഫയലുകളിൽ കൈവശക്കാരുടെ മേൽവിലാസം സംബന്ധിച്ചും, സർവ്വെ നമ്പറിലുള്ള വ്യത്യാസം സംബന്ധിച്ചുമുള്ള അപാകതകൾ പരിഹരിച്ചും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമി പട്ടയത്തിനായുള്ള അപേക്ഷകൾ കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലാന്റ് ട്രിബ്യൂണൽ പട്ടയങ്ങളിൽ സ്റ്റേറ്റ് ലാന്റ് ബോർഡ് സെക്രട്ടറി ലഭ്യമാക്കിയ SOP പ്രകാരം നടപടികൾ ലഘൂകരിച്ച് എത്രയും പെട്ടെന്ന് വിചാരണ പൂർത്തിയാക്കി ക്രയസർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ